ശ്രീ. എസ്. ആർ. തങ്കരാജ് : തിരുവനന്തപുരം ജില്ലാ മൊത്ത-വ്യാപാര സംഘം വഴി തിരുവനന്തപുരം സിറ്റിയിലുള്ള ആളുകൾക്ക് കുറഞ്ഞ വിലയ്ക്ക് വിറക് വിതരണം ചെയ്തിരുന്നു. അത് വീണ്ടും തുടർന്നു പോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വിറകിനുള്ള പൊതുവായിട്ടുള്ള ക്ഷാമം ഇന്ന് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ക്ലിയർ ഫെല്ലിംഗ് വേണ്ടത്രയില്ലാത്തതു കൊണ്ട് വനം വകുപ്പിന്റെ കയ്യിലും വേണ്ടത്ര വിറകില്ലാത്തതുകൊണ്ടാണ് ഇത് പുനരാരംഭിക്കാൻ ബുദ്ധിമുട്ടായിരിക്കുന്നത്.

കൃഷിക്കാരുടെ കാർഷിക കടങ്ങൾ റദ്ദാക്കാൻ നടപടി

*243 [264] ശ്രീ എ. കെ. പത്മനാഭൻ :
,, സി. കെ. തങ്കപ്പൻ :
,, ടി. കെ. ആറുമുഖൻ :
,, കെ. പുരുഷോത്തമൻ :
,, പി. സി. തോമസ് (കുട്ടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വരൾച്ചയും വെള്ളപ്പൊക്കവുംമൂലം കൃഷിനാശം നേരിട്ടവരുടെ കാർഷിക കടങ്ങൾ റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : വരൾച്ച ദുരിതാശ്വാസനടപടികളുടെ ഭാഗമായി വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വില്ലേജുകളിലെ ചെറുകിട കർഷകരുടെ കൃഷിവായ്പകളിൽമേലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വികസനവായ്പകളിൻമേലുമുള്ള റവന്യൂ റിക്കവറി നടപടികൾ 31-12-1986 വരെ നിർത്തിവയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ : കൃഷിക്കാരുടെ കാർഷിക കടങ്ങൾ ചെറിയ തുകയായി തിരിച്ചടയ്ക്കാൻ സാധിക്കത്തക്കവിധം ദീർഘകാല വായ്പകളാക്കി മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : ഇക്കാര്യത്തിൽ സഹകരണവകുപ്പ് കഴിഞ്ഞ കൊല്ലം ചില നടപടികൾ സ്വീകരിച്ചു. ഈ വർഷം അതുസംബന്ധിച്ചുള്ള നടപടികൾ എന്താണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ : 1984 ഒക്ടോബർ മാസത്തിൽ കോഴിക്കോട് ജില്ലയിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ ഫലമായി കൃഷിനാശം സംഭവിച്ച കൃഷിക്കാർക്കുള്ള നഷ്ടപരിഹാരം ഇതുവരെ കൊടുത്തിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അന്ന് കൃഷിനാശം സംഭവിച്ചിട്ടുള്ള കുറെ ആളുകൾക്ക് പകരം ഭൂമിയും വീട് വച്ചുകൊടുക്കാനുള്ള ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ : വെള്ളപ്പൊക്കത്തിന്റേയും മറ്റും ഫലമായി കൃഷിയും ജീവനോപാധികളും നഷ്ടപ്പെട്ടിട്ടുള്ള ഏതെങ്കിലും കൃഷിക്കാരൻ അവന്റെ കടം റദ്ദ് ചെയ്യണം എന്ന നിവേദനം നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിനെപ്പറ്റി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അത് പ്രത്യേകം പരിശോധിക്കേണ്ടതായിട്ടാണിരിക്കുന്നത്.

ശ്രീ. സി. കെ. തങ്കപ്പൻ : മഹാരാഷ്ട്ര ഗവൺമെന്റ് അവിടത്തെ കൃഷിക്കാരുടെ ഒന്നരവർഷം വരെയുള്ള കടം എഴുതിത്തള്ളിയതായി പത്രത്തിൽ കാണുകയുണ്ടായി. അതുപോലെ കേരളത്തിലെ പാവപ്പെട്ട കൃഷിക്കാർ ഉംപ്പെടെയുള്ള ദുർബലവിഭാഗങ്ങളുടെ കടം, ആറായിരം രൂപ വരെയുള്ള കടം എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : പരിപൂർണ്ണമായും എഴുതിത്തള്ളുവാനുള്ള ബുദ്ധിമുട്ടുണ്ട്.

ശ്രീ. ടി. കെ. ആറുമുഖൻ : വരൾച്ചയും വെള്ളപ്പൊക്കവുംമൂലം കൃഷിനാശം നേരിട്ടവരുടെ കാർഷിക കടങ്ങൾ റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നാണ് ചോദ്യം. അതിന് മറുപടി പറയാതെ ജപ്തി നടപടികൾ 31-12-1986 വരെ നിർത്തിവയ്ക്കുമെന്നാണ് പറഞ്ഞത്. അതുകൊണ്ട് ചോദ്യത്തിന് മറുപടി പറയട്ടെ.

ശ്രീ. പി. ജെ. ജോസഫ് : റദ്ദാക്കാൻ ബുദ്ധിമുട്ടുണ്ട് എന്നത് പരിഗണിച്ചാണ് ഇത് ഈടാക്കാൻ സമയം കൊടുത്തിട്ടുണ്ട് എന്നു പറഞ്ഞത്.

ശ്രീ. ടി. കെ. ആറുമുഖൻ : നെൽക്കൃഷി നഷ്ടത്തിലാണെന്നും അത് ആദായകരമല്ല എന്നുമുള്ള വസ്തുത എല്ലാവരും അംഗീകരിക്കപ്പെടുന്ന സ്ഥിതിക്ക് നെൽക്കൃഷിക്കാരുടെ ഒരു പരിധിവരെയുള്ള കടമെങ്കിലും റദ്ദാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : വായ്പകൾ റദ്ദാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല : അതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്.

ശ്രീ. ടി. കെ. ആറുമുഖൻ : പാലക്കാട് ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ പ്രത്യേകിച്ച് വില്ലേജുകളിൽ ഇപ്പോഴും കാർഷിക കടങ്ങൾക്കുള്ള ജപ്തിനടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു. മന്ത്രി പറയുന്നു 31-12-1986 വരെയുള്ള എല്ലാ കാർഷിക കടങ്ങളുടേയും ജപ്തിനടപടികൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചു എന്ന്. അതുകൊണ്ട് ഇപ്പോഴും തുടർന്നുവരുന്ന ജപ്തിനടപടികൾ നിർത്തിവയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഈ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുകയുണ്ടായി. അത് പരിശോധിച്ചപ്പോൾ കണ്ടത് സെയിൽസ് ടാക്സ്, എക്സൈസ് തുടങ്ങിയ ഇനങ്ങളിലാണ്. ആ ഇനങ്ങളിൽ ജപ്തിനടപടികൾ നിർത്തിവച്ചിട്ടില്ല. കാർഷിക കടങ്ങൾക്കാണ് ജപ്തിനടപടികൾ നിർത്തിവച്ചിട്ടുള്ളത്.

ശ്രീ. കെ. പുരുഷോത്തമൻ : കാസർകോട്, കണ്ണൂർ ജില്ലകളിൽ വരൾച്ചമൂലം ഒന്നാംവിള പാടേ നശിച്ചുപോയിട്ടുണ്ട്. ആ കൃഷിക്കാരുടെ കടങ്ങൾ ഈടാക്കുന്നതിൽ ഇളവ് അനുവദിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : കൃഷി നാശം സംഭവിച്ചിട്ടുള്ള സ്ഥലങ്ങളിൽ കടങ്ങളം ഈടാക്കുന്ന കാര്യത്തിൽ കുറേക്കൂടി സമയം കൊടുക്കുന്നതാണ്.

ശ്രീ. കെ. പുരുഷോത്തമൻ : 31-12-1986 വരെ കടം ഈടാക്കുന്നത് നിർത്തിവച്ചിട്ടുണ്ടെന്ന് പറഞ്ഞു. എന്നിട്ടും കാസർകോട് ജില്ലയിലും മറ്റ് പല ഭാഗങ്ങളിലും കൃഷിക്കാരിൽനിന്നും കടം ഈടാക്കുന്നത് തുടർന്നു വരുന്നുണ്ട് എന്നുള്ളത് ബോദ്ധ്യമായിട്ടുണ്ടോ ; അത് നിർത്തിവയ്ക്കുന്നതിന് നടപടിയെടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അങ്ങനെയുണ്ടെങ്കിൽ അതിന് അടിയന്തിരമായി നടപടിയെടുക്കാം.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : അടുത്തകാലത്ത് കൂടെക്കൂടെയുണ്ടായ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭംമൂലം ഈ രാജ്യത്തുള്ള കർഷകർ സാമ്പത്തികമായി തകർന്നിരിക്കുകയാണ്. അങ്ങനെ കടംമൂലം വീർപ്പുമുട്ടിക്കഴിയുന്ന കൃഷിക്കാരെ രക്ഷിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ വായ്പകം തിരിച്ചടക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കഴിഞ്ഞവർഷത്തെ ഹൃസ്വകാലവായ്പകം ദീർഘകാലവായ്പകളാക്കി മാറ്റുന്നതിന് നടപടികം ഗവൺമെൻറ് കൈക്കൊണ്ടിട്ടുണ്ട്; ഇങ്ങനെ സാവകാശം കൊടുക്കുന്നതിനുള്ള നടപടികളാണ് ഗവൺമെൻറ് സ്വീകരിക്കുന്നത്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : കെ. എൽ. ഡി. സി. മുഖേന പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിച്ചതിന്റെ പേരിൽ വർഷങ്ങളായി കടക്കാരായി മാറിയിരിക്കുന്ന നെൽക്കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ആ കടങ്ങളം റദ്ദാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇതെല്ലാം ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തുകൊടുത്തിട്ടുള്ളതാണ്. അത് റദ്ദാക്കുന്നത് പ്രായോഗികമായിട്ടുള്ള കാര്യമല്ല.

ഡോക്ടർ കെ. സി. ജോസഫ് : വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിച്ച മേഖലകളിലെ കാർഷിക കടങ്ങളം അടയ്ക്കുവാനുള്ള തീയതി അടുത്ത കൊയ്ത്തുകാലംവരെ നീട്ടുന്നതിനും അതിനുശേഷം പലിശയിളവു ചെയ്തുകൊണ്ട് തവണകളാക്കി അടയ്ക്കുന്നതിനുമുള്ള നടപടികം എടുക്കുന്നകാര്യം ഗവൺമെൻറ് പരിശോധിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : പലിശയിളവു ചെയ്യുന്നകാര്യം ആലോചിക്കാൻ നിവർത്തിയില്ല. കൊയ്ത്തുകാലംവരെ സമയംകൊടുക്കുന്ന കാര്യം ഗവൺമെൻറ് തീർച്ചയായിട്ടും പരിഗണിക്കും.

ശ്രീമതി കെ. ആർ. ഗൗരി : കൃഷിക്കാരുടെ കാർഷിക കടം റദ്ദ് ചെയ്യാനുള്ള നടപടിയെപ്പറ്റിയാണ് ഇതിൽ ചോദിച്ചിരിക്കുന്നത്. വെള്ളപ്പൊക്കവും വരൾച്ചയുംകൊണ്ട് ജോലി നഷ്ടപ്പെട്ട കർഷകത്തൊഴിലാളികളുണ്ട്. ആ കർഷകത്തൊഴിലാളികളുടെ കടങ്ങൾക്ക് ഗഡുവെങ്കിലും അനുവദിച്ചുകൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : അത് കൊടുക്കാവുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഉരുൾപൊട്ടിയപ്പോൾ ഭൂമി മുഴുവൻ നഷ്ടപ്പെട്ടുപോയവരുടെ കടമെങ്കിലും എഴുതിത്തള്ളാൻ നടപടിയെടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ആ കേസുകം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : വരൾച്ചയുടേയും ഉവളപ്പിപ്പാക്കത്തിന്റേയും ഫലമായി 50 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ കൊടുക്കുമെന്ന് അവിടെ വന്നു വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ഒരു നയാപൈസ ഇതുവരെ കൊടുത്തിട്ടില്ല. എന്റെ ചോദ്യം മൂവായിരം രൂപവരെ കടമുള്ളവർക്ക് അത് റദ്ദാക്കാനും, അതിനുശേഷമുള്ളവർക്ക് അവധിവച്ച് കൊടുക്കാനുമുള്ള നടപടി ഗവൺമെന്റ് പരിശോധിക്കുമോ എന്നാണ്.

ശ്രീ. പി. ജെ. ജോസഫ് : 50 ലക്ഷം രൂപയല്ല ഒന്നരക്കോടി രൂപയോളം അവിടെ കൊടുക്കുകയുണ്ടായി. ഈ കടം റദ്ദാക്കുന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഈ നിയമസഭയിൽ ഇതിനുമുമ്പു പറഞ്ഞിട്ടുള്ളതാണ്. വരൾച്ച ബാധിച്ച സമയത്തെകാര്യമാണ് പ്രതിപക്ഷനേതാവ് ചോദിച്ചത്. വായ്പ റദ്ദാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ഇത് ആദ്യമേ പറഞ്ഞതാണ്.

ശ്രീ. വി. ദിനകരൻ : കൃഷിക്കാരെ ബാദ്ധ്യതകളിൽ നിന്നും ഒഴിവാക്കുന്നതിനായിട്ട് സമഗ്രമായ ഒരു കടാശ്വാസനിയമം കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അത് ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഇൻഷ്വറൻസ് ആനുകൂല്യം ഉപയോഗിച്ച് കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്രാ, എന്നീ സംസ്ഥാനങ്ങൾ കൃഷിക്കാരുടെ കടങ്ങൾ റദ്ദ് ചെയ്തു കൊടുത്തിരുന്നു. കർണ്ണാടകം 45 കോടി രൂപയും തമിഴ്നാട് 35 കോടി രൂപയുമാണ് ഇപ്രകാരത്തിൽ ഇളവു ചെയ്തു കൊടുത്തത്. കേരളത്തിൽ എന്തുകൊണ്ട് ഈ ആനുകൂല്യം വാങ്ങിച്ചെടുക്കാൻ സാധിച്ചില്ല ?

ശ്രീ. പി. ജെ. ജോസഫ് : വിള ഇൻഷ്വറൻസിന്റെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഈ കാര്യങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി സജീവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കൃഷിനാശം വന്നിട്ടുള്ള സ്ഥലങ്ങളിലാണ് ശരിക്കും ഇതിന്റെ പ്രയോജനം കൃഷിക്കാർക്ക് ലഭ്യമാക്കേണ്ടത്. അതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം പരിഹരിക്കുന്നതിന് നടപടി

* 244 [265] ശ്രീ. എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ-വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly